പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1175.

20.1.2014 -ൽ
മറുപടിയ്ക്ക്

## കോളേജുകൾക്ക് സ്വയംഭരണാധികാരം

ചോദ്യം

ശ്രീ.കോടിയേരി ബാലകൃഷ്ണൻ.

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിദഗ്ധ സമിതിയെ നിയോഗിച്ച് കാര്യങ്ങൾ പഠിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(എ) ഉണ്ട്.സംസ്ഥാനത്തെ മികച്ച നിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണവകാശം നൽകുന്നത് സംബന്ധിച്ച് ബാംഗ്ളൂർ നാഷണൽ ലോ സ്കൂൾ സ്ഥാപക ഡയറക്ടറായിരുന്ന പ്രൊഫ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണവകാശം നൽകുവാൻ തീരുമാനമെടുത്തത്.

(ബി) കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനെതിരെ അക്കാദമിക് മേഖലയിലും പൊതുസമൂഹത്തിലും ശക്തമായ പ്രതിഷേധം ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ;

(ബി) പ്രൊഫ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ സമിതി കോളേജുകൾക്ക് സ്വയംഭരണവകാശം നൽകുന്നതു സംബന്ധിച്ച് വിവിധ അദ്ധ്യാപക-അനദ്ധ്യാപക സംഘടനാ പ്രതിനിധികളുമായും വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും കോളേജ് പ്രിൻസിപ്പാൾ, മാനേജർമാർ എന്നിവരുമായും ചർച്ച നടത്തിയിരുന്നു. കൂടാതെ, സർക്കാർ തലത്തിൽ

03.09.2013 ൽ വിവിധ അദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി ഇക്കാര്യത്തിൽ ചർച്ച നടത്തിയിട്ടുള്ളതുമാണ്.

(സി) ആരുടെ നിർദ്ദേശപ്രകാരമാണ് കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതെന്ന് വിശദമാക്കാമോ?

(സി) മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാദമിക് സ്വയംഭരണവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നൽകുക എന്ന നയത്തിന്റെ ഭാഗമായാണ് പ്രൊഫ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മികച്ച ആർട്സ് & സയൻസ് കോളേജുകൾക്ക് സ്വയംഭരണവകാശം നൽകാൻ തീരുമാനമെടുത്തത്.

സെക്ഷൻ ഓഫീസർ.